1. പായിപ്ര - 6,62,500 രൂപ
2. കൂത്താട്ടുകുളം - 6,24,000 രൂപ
3. മഞ്ഞള്ളൂർ - 7,93,000 രൂപ

സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

151 (4504) ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത് നടത്തുന്നത്;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ ചെലവഴിക്കേണ്ടിവരും;

(സി) പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഇതിനായി എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഡി) തിക്കോടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.എച്ച്.ബി. നിർമ്മാണം പൂർത്തിയാക്കിയ ഫ്ളാറ്റുകളിൽ ചിലതിന് കേടുപാടുകൾ പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേടുപാടുകൾ മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലുള്ള ഭവന നിർമ്മാണ പദ്ധതികളാണ് ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത് നടത്തുന്നത്.

1. തിക്കോടി - 20 വീടുകൾ
2. ചെങ്കോട്ടുകാവ് - 28 വീടുകൾ
3. ചേമഞ്ചേരി - 25 വീടുകൾ

(ബി) ടി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആകെ 2,97,67,354 രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(സി) തിക്കോടി വില്ലേജിലെ 20 വീടുകളുടെ നിർമ്മാണമാണ് ഇതിനോടകം പൂർത്തിയാക്കിയത്. ഇതിന്റെ നിർമ്മാണത്തിന് ചെലവായ തുകയുടെ വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly